# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5416 26.03.2018-ൽ മറുപടിയ്ക്ക്**

**<u>മത്സ്യമേഖലയിൽ ഹാർബർ എഞ്ചിനിയറിങ്ങ് വകുപ്പ് സർവ്വെ</u>**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യത്തൊഴിലാളിക്ക് അർഹമായ വേതനം, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കൽ, ഉപഭോക്താക്കൾക്ക് പഴക്കമില്ലാത്ത ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുന്നുണ്ടോ; | എ) മത്സ്യത്തൊഴിലാളികൾക്ക് അർഹമായ വേതനം, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കൽ, ഉപഭോക്താക്കൾക്ക് പഴക്കമില്ലാത്ത ഗുണമേൻമയുളള മത്സ്യം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ ഒരു പുതിയ പദ്ധതിക്ക് രൂപം നൽകുന്ന കാര്യം ഉദ്ദേശിക്കുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്ന് മത്സ്യത്തൊഴിലാളികളെ ഒഴിവാക്കുന്നതിന് വിവിധ പദ്ധതികൾ ഇപ്പോൾ തന്നെ നടപ്പാക്കി വരുന്നു. മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരന്റെ ചൂഷണത്തിൽ നിന്ന് ഒഴിവാക്കുന്നതിനും ഗുണനിലവാരമുളള മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനും സഹായകരമായി കേരള മത്സ്യ ലേലം വിപണനം ഗുണനിലവാര പരിപാലന ബിൽ 2018 നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട സർവ്വേയ്ക്ക് ഹാർബർ എഞ്ചിനിയറിങ്ങ് വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ടോ; | ബി) മത്സ്യവകുപ്പിന്റെയും മത്സ്യഫെഡിന്റെയും ഫീൽഡ്തല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കും. |
| സി) എങ്കിൽ എന്തൊക്കെ കാര്യങ്ങളെ കുറിച്ചാണ് സർവ്വെ നടത്തുന്നത്; | സി) മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനോപാധികൾ ആർജ്ജിക്കുന്നതിന് സഹായിക്കുന്നതിനുളള പദ്ധതി തയ്യാറാക്കൽ, ഇടനിലക്കാരെ ഒഴിവാക്കി ഗുണനിലവാരംത്തോടെ മത്സ്യം വിപണനം ചെയ്യാനുളള പദ്ധതി രൂപപ്പെടുത്തൽ, മത്സ്യബന്ധന തുറമുഖം/ലാന്റിങ്ങ് സെന്റർ മുതൽ അവസാനത്തെ ഉപഭോക്താവ് വരെ ഗുണനിലവാരത്തോടെ മത്സ്യം എത്തിക്കുന്നതിനുളള ശൃംഖല രൂപപ്പെടുത്തൽ മുതലായവ ഈ റിപ്പോർട്ടിൽ പരിശോധിക്കപ്പെടുന്നതാണ്. |

| | | | |
|---|---|---|---|
| ഡി) | തുറമുഖത്തെത്തിക്കുന്ന മത്സ്യം രാസവസ്തുക്കൾ ചേർക്കാതെ ഇരുപത്തി നാല് മണിക്കൂറിനുള്ളിൽ വീട്ടുപടിക്കലോ ഔട്ട് ലെറ്റുകളിലോ ലഭ്യമാക്കാൻ പദ്ധതി ഉദ്ദേശിക്കുന്നുണ്ടോ; | ഡി) | ഉണ്ട്. |
| ഇ) | എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഇ) | മത്സ്യഫെഡ് ആവിഷ്ക്കരിച്ച "തീരത്തിൽ നിന്ന് മാർക്കറ്റിലേക്ക്" എന്ന പുതിയ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ലാന്റിംഗ് സെന്ററുകൾ, ഹാർബറുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യം സംഭരണം നടത്തുന്നതിനുള്ള സംവിധാനങ്ങൾ മത്സ്യഫെഡ് മുഖേന തയ്യാറാക്കി വരുന്നു. കേരള തീരത്ത് ഉടനീളമുള്ള മത്സ്യത്തിന്റെ ലഭ്യതയും തൽസമയ വിലനിലവാരവും അറിയുന്നതിനുള്ള ഒരു മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കി വരുന്നു. ഇതുവഴി മത്സ്യ സംഭരണം മത്സ്യഫെഡിന് നേരിട്ട് നടത്താൻ കഴിയും. വിഴിഞ്ഞം കേന്ദ്രീകരിച്ച് അന്നന്നുള്ള മത്സ്യം മൊബൈൽ ഫിഷ് മാർട്ട് വഴി "അന്തിപച്ച" എന്ന പേരിൽ വിൽപ്പന നടത്തി വരുന്നു. കൂടാതെ മത്സ്യഫെഡ് വഴി 31 ഫിഷ് മാർട്ട് പ്രവർത്തിപ്പിക്കുന്നു. 2017-18 വർഷത്തിൽ 20 ഫിഷ് മാർട്ടുകൾ ആരംഭിക്കുന്നതിനായി 200 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**